## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5158 — 02.07.2013 ൽ മറുപടിക്ക്

### രാജധാനി എക്സ്പ്രസ്സിന് കാസർഗോഡ് ജില്ലയിൽ സ്റ്റോപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): | | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ റെയിൽവേ സ്റ്റേഷനുകളിൽ സ്റ്റോപ്പില്ലാത്ത എത്ര യാത്രാ ട്രെയിനുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിൽ 20 പെയർ ട്രെയിനുകൾക്കും കാസറഗോഡ് റയിൽവേ സ്റ്റേഷനിൽ 5 പെയർ ട്രെയിനുകൾക്കും സ്റ്റോപ്പില്ല. |
| (ബി) | രാജധാനി എക്സ്പ്രസ്സിന് കാസർഗോഡ് ജില്ലയിൽ സ്റ്റോപ്പ് ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ രാജധാനിക്ക് കാസർഗോഡ് ജില്ലയിൽ ഒരു സ്റ്റോപ്പ് എന്നത് യാഥാർത്ഥ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | രാജധാനി എക്സ്പ്രസിന് കാസറഗോഡ് സ്റ്റോപ്പ് അനുവദിക്കണമെന്ന് ദക്ഷിണ റയിൽവേയോട് പാലക്കാട് റയിൽവേ ഡിവിഷൻ ശുപാർശ ചെയ്തിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ